## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2546** — **05/11/2019-ൽ മറുപടിയ്ക്ക്**

### കോ-ബാങ്ക് സാന്ത്വനം-2018 പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. ഐ.ബി. സതീഷ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളിൽനിന്ന് വായ്പയെടുത്ത് കുടിശ്ശികയാക്കിയവർക്ക് ഒറ്റത്തവണ തീർപ്പാക്കലിലൂടെ വായ്പ തിരിച്ചടയ്ക്കാൻ അവസരമൊരുക്കുന്ന കോ-ബാങ്ക് സാന്ത്വനം-2018 എന്ന പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | കോ-ബാങ്ക് സാന്ത്വനം 2018 പദ്ധതി 15.06.2018 മുതൽ 31.03.2019 വരെയും അതിനു ശേഷം 01.06.2019 മുതൽ 30.06.2019 വരെയും പ്രാബല്യത്തിലുണ്ടായിരുന്നു. കോ-ബാങ്ക് സാന്ത്വനം 2018 പദ്ധതിയിൽ വസ്തു ജാമ്യം സ്വീകരിക്കാതെ നൽകിയ വായ്പകളായ വ്യാപാർ വായ്പ, ഉപഭോക്തൃ വായ്പ, കോ-ബാങ്ക് അഭയ വായ്പ, സമൃദ്ധി കാർഡ് വായ്പ, വാഹന വായ്പ, Suit filed വിഭാഗത്തിലേയ്ക്ക് മാറ്റിയ വായ്പ, വിദ്യാഭ്യാസ വായ്പ എന്നീ വായ്പകളാണ് ഉൾപ്പെടുത്തിയിരുന്നത്. സമാന ആനുകൂല്യങ്ങൾ ഉൾപ്പെടുത്തി കോ-ബാങ്ക് സാന്ത്വനം 2019 പദ്ധതി 1.11.2019 മുതൽ 31/12/2019 വരെ നടപ്പാക്കുന്നുണ്ട്. |
| (ബി) | ഏതെല്ലാം വായ്പകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | സംസ്ഥാന സഹകരണ ബാങ്കിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ? | (സി) | 31.03.2019-ലെ കണക്കനുസരിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെ 2018-19-ലെ പ്രവർത്തനലാഭം 224.88 കോടി രൂപയും അറ്റ ലാഭം 73.36 കോടി രൂപയും ആകുന്നു. |

സെക്ഷൻ ഓഫീസർ